LIBRARY ARCHIVES Kerala Legislative Assembly

അട്ടത്തോട് ആദിവാസി യുവാവ് രാജന്റെ മരണം

59 [1635] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ അട്ടത്തോട് ആദിവാസി കോളനിയിലെ രാജന്റെ കൊലപാതകം സംബന്ധിച്ച അന്വേഷണം ഏതു ഘട്ടത്തിലാണ് എന്ന് വെളിപ്പെടുത്താമോ;

(ബി) ഇതു സംബന്ധിച്ച് മരിച്ചയാളിന്റെ ബന്ധുക്കൾ പത്തനംതിട്ട ജില്ലാ പോലീസ് സൂപ്രണ്ടിന് പരാതി നൽകിയിരുന്നോ;

(സി) ഈ പരാതിയനുസരിച്ച് എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളതെന്നും രാജൻ എങ്ങിനെയാണ് മരണപ്പെട്ടിട്ടുള്ളതെന്നും ഇതിൽ ആർക്കെല്ലാമാണ് പങ്കുള്ളതെന്നും കണ്ടെത്തിയിട്ടുണ്ടോ; എന്നും വിശദമാക്കാമോ;

(ഡി) പമ്പ പോലീസിന്റെ ഭാഗത്തുനിന്നും കേസന്വേഷണത്തിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചിട്ടില്ലെന്നും കേസ്സ് തേയ്ച്ചുമായ്ച്ചുകളയാൻ ശ്രമം നടക്കുന്നു എന്നുമുള്ള മരിച്ചയാളിന്റെ ബന്ധുക്കൾക്കുള്ള ആക്ഷേപത്തിന് പരിഹാരമായി ഈ കേസിലെ യഥാർത്ഥ കുറ്റവാളികളെ കണ്ടെത്തുന്നതിനായി മറ്റേതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ പരിഗണിക്കുമോ?

ഉത്തരം

(എ) അട്ടത്തോട് ആദിവാസി കോളനിയിലെ രാജന്റെ മരണം സംബന്ധിച്ച് പമ്പ പോലീസ് സ്റ്റേഷൻ ക്രൈം 50/03 യു/എസ് 174 സി.ആർ. പി.സി. പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം പൂർത്തിയാക്കി 9-2-04-ൽ അന്തിമ റിപ്പോർട്ട് കോടതിക്ക് സമർപ്പിച്ചിട്ടുള്ളതാണ്.

(ബി) മരിച്ചയാളിന്റെ ബന്ധുക്കൾ പത്തനംതിട്ട ജില്ലാ പോലീസ് സൂപ്രണ്ടിന് പരാതി നൽകിയിട്ടുണ്ട്.

(സി) പരാതിയുടെ അടിസ്ഥാനത്തിൽ കൂടുതൽ അന്വേഷണം നടത്തിയിട്ടുള്ളതിലും രാജന്റെ പോസ്റ്റ്മോർട്ടം സർട്ടിഫിക്കറ്റ് പരിശോധിച്ചതിലും മറ്റന്വേഷണങ്ങൾ നടത്തിയതിലും രാജൻ യാദൃശ്ചികമായി കാൽ വഴുതി ആറ്റിൽ വീണ് ശ്വാസം മുട്ടി മരിച്ചു പോയിട്ടുള്ളതാണെന്ന് വെളിവായിട്ടുള്ളതാണ്.

(ഡി) ഇത് സംബന്ധിച്ച് വിശദമായി അന്വേഷണം നടത്തിയിട്ടുള്ളതും അന്വേഷണത്തിൽ മേൽ ഉത്തരം (സി)-യിൽ പറയും പ്രകാരം ആണ് മരണം സംഭവിച്ചിട്ടുള്ളതെന്ന് വെളിവായിട്ടുള്ളതുമാണ്. ആയതിനാൽ ടി കേസ് മറ്റൊരു ഏജൻസിയെക്കൊണ്ട് അന്വേഷിക്കുന്ന കാര്യം പരിഗണനയിലില്ല.

തീവെയ്പ് കേസ്സുകൾ

60 [1636] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം സംസ്ഥാനത്ത് ആകമാനം എത്ര തീവെയ്പ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്, ഇവയുടെ ജില്ല തിരിച്ചുള്ള വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകളിൽ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്; ഏതെല്ലാം കേസ്സുകളിൽ പ്രതികളെ അറസ്റ്റ് ചെയ്യുവാനുണ്ട്; ജില്ല തിരിച്ചുള്ള വിശദാംശം നൽകാമോ;

(സി) ഏതെല്ലാം കേസ്സുകളിൽ അന്വേഷണം നിറുത്തി വച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സുകളിൽ ഏതെല്ലാം കേസ്സുകൾ ഇപ്പോൾ അന്വേഷണത്തിലാണ്; ഇവയുടെ ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചുവരുന്നു.

ആധുനികവൽക്കരിച്ച ക്രൈം ഇൻവെസ്റ്റിഗേഷൻ വിഭാഗം തുടങ്ങാൻ നടപടി

61 [1637] ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമീപകാലത്ത് നടന്ന കൊലപാതകങ്ങളും വൻകിട മോഷണങ്ങളും തെളിയിക്കപ്പെടാതെ പോകുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആധുനിക പരിശീലനം ലഭിച്ച പരിചയ സമ്പന്നരായ ഉദ്യോഗസ്ഥന്മാരെ ഉൾപ്പെടുത്തി പുതിയ 'ക്രൈം ഇൻവെസ്റ്റിഗേഷൻ വിഭാഗം' രൂപീകരിച്ച് അന്വേഷണം ശക്തിപ്പെടുത്തി കേസുകൾ തെളിയിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഒറ്റപ്പെട്ട ചില കൊലപാതകങ്ങളും വൻകിട മോഷണങ്ങളും തെളിവുകളുടേയും സാക്ഷികളുടേയും അഭാവത്തിൽ തെളിയിക്കപ്പെടാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രൊപ്പർട്ടി കേസുകളുടെ അന്വേഷണം ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുടെ കീഴിലുള്ള പോലീസ് സ്റ്റേഷനുകളിൽ 'ലോ ആന്റ് ഓർഡർ' എന്നും 'ക്രൈംബ്യൂറോ' എന്നും ജോലി രണ്ടായി തിരിച്ച് പരീക്ഷണാർത്ഥം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവർത്തനം വിലയിരുത്തി വരികയാണ്.

ആക്സിഡന്റ് കേസ്സിൽ ഉൾപ്പെട്ട വാഹനങ്ങൾ

62 [1638] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം എത്ര ആക്സിഡന്റ് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്, ഇവയുടെ വർഷം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇവയിൽ അപകടങ്ങൾക്കു വിധേയമായ സർക്കാർ വാഹനങ്ങൾ, കെ.എസ്.ആർ.ടി.സി. വാഹനങ്ങൾ, പോലീസ് വാഹനങ്ങൾ, സ്വകാര്യ വാഹനങ്ങൾ എന്നിവയുടെ കണക്കുകൾ നൽകാമോ;

LIBRARY ARCHIVES Kerala Legislative Assembly